(ഇ) കയറ്റുമതികൊണ്ട് ഉണ്ടാകുന്ന നഷ്ടം എങ്ങനെ നികത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) - (ഇ) സിംഗപ്പൂരിലെ 'ടോംഗ്ടീക്' എന്ന കമ്പനി 50,000 മെട്രിക് ടൺ ആർ.എസ്.എസ്.-4 ഗ്രേഡ് റബ്ബർ ഇൻഡ്യയിൽനിന്നും കയറ്റി അയച്ചു വിപണനം നടത്താൻ സന്നദ്ധമാണെന്നു കാണിച്ച് കേന്ദ്രവാണിജ്യ സെക്രട്ടറിക് അയച്ച കത്തിന്റെ പകർപ്പ് റബ്ബർ ബോർഡ് ചെയർമാനു ലഭിച്ചു. അത് അദ്ദേഹം സംസ്ഥാന സർക്കാരിന് അയയ്ക്കുകയുണ്ടായി. ഇതിനെ സംബന്ധിച്ച് മോണിറ്ററിംഗിനായി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഇത് മന്ത്രിസഭ ചർച്ച ചെയ്യുകയും കയറ്റുമതിക്കാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുവാൻ ബോർഡിന് അനുമതി നൽകുകയും ചെയ്തു. കാർഷികോല്പാദന കമ്മീഷണർ ഇതു സംബന്ധിച്ച് കേന്ദ്ര വാണിജ്യകാര്യ സെക്രട്ടറിയുമായി ചർച്ച ചെയ്തിരുന്നു.

കയറ്റുമതിയിലുണ്ടാകുന്ന നഷ്ടം നികത്താമെന്ന കാബിനറ്റ് തീരുമാനം നിലവിലുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സഹായം ഉണ്ടാകണമെന്ന് സംസ്ഥാന കൃഷിവകുപ്പ് മന്ത്രി കേന്ദ്ര വാണിജ്യവകുപ്പു മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സിംഗപ്പൂർ കമ്പനിയുടെ ഭാഗത്തുനിന്ന് വ്യക്തമായ നിർദ്ദേശങ്ങൾ ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു.

126 (1858) കാഷ്യൂ ആക്ട്

ശ്രീമതി ഭാർഗ്ഗവിതങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ ആക്ടിന്റെ മാതൃകയിൽ കാഷ്യൂ നിയമ നിർമ്മാണത്തിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ കാഷ്യൂ ഉല്പാദനം, സംഭരണ, വിതരണം എന്നിവ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തി സമഗ്രമായ ഒരു കാഷ്യൂ ആക്ടിനു രൂപം നൽകാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) കാഷ്യൂ ഉല്പാദനം, സംഭരണ, വിതരണം എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് കശുമാവ് വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

127 (1859) കൃഷിഭൂമി വെട്ടിനശിപ്പിച്ച സംഭവങ്ങൾ

ശ്രീ. കെ. ബാബു :
ശ്രീ. കെ.സി. ജോസഫ് :
ഡോ. എം.എ. കുട്ടപ്പൻ :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് കൃഷിഭൂമിയിൽ അതിക്രമിച്ചു കയറി കാർഷികവിളകൾ കർഷകത്തൊഴിലാളികൾ വെട്ടി നശിപ്പിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഇനത്തിൽ എത്ര രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ; ഇതുമൂലം കർഷകർ ദുരിതത്തിലായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) സർക്കാർ ഈ നശീകരണത്തിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നാശനഷ്ടം വന്നവർക്ക് പുനർക്കൃഷി ഇറക്കുന്നതിന് എന്തെങ്കിലും സഹായം സർക്കാർ നൽകിയിട്ടുണ്ടോ;

(ഇ) കാർഷിക വിളകൾ നശിപ്പിക്കുന്ന പ്രവണത തടയുന്നതിന് നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) & (ഡി) ഈ രീതിയിലുള്ള കൃഷിനാശത്തിന് നൽകുന്നതിന് കൃഷിവകുപ്പിൽ പദ്ധതികളൊന്നുമില്ല.

(ഇ) ഇത്തരത്തിലൊരു നിർദ്ദേശം പരിഗണനയിലില്ല.

128 (1860) മണ്ണൊലിപ്പു തടയുന്നതിന് നടപടി

ശ്രീ. ടി.എം. ജേക്കബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണൊലിപ്പു തടയുന്നതിനുവേണ്ടി ഇപ്പോൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(ബി) സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ സംസ്ഥാനത്ത് ഇതുവരെ എത്ര ഹെക്ടർ സ്ഥലത്ത് ബണ്ടുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മണ്ണൊലിപ്പ് തടയുന്നതിന് വേണ്ടി സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റ് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഭൂവുടമകൾക്ക് നല്കുന്നത്;

(ഡി) സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ?